"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - കൊല്ലം ജില്ലയിലെ ചിറയിൽതോടിനു കുറുകെ കൊന്നയിൽകടവ് പാലം നിർമ്മാണം- ബാലൻസ് പ്രവൃത്തി - നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകി ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(കൈ) നം.15/2025/PWD തീയതി01-03-2025

---

പരാമർശം:-
1. 31.10.2016 തീയതിയിലെ സ.ഉ(സാധാ) നം.1496/2016/പൊമവ.
2. 04.05.2019 തീയതിയിലെ സഉ(സാധാ)നം.54/2019/ഫിൻ
3. പ്രോജക്ട് ഡയറക്ടർ, പി.എം.യു-കെ.ആർ.എഫ്.ബിയുടെ 12.08.2024 തീയതിയിലെ PDKRFB-KLM017(68B)/1/2023-AE7 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ ചിറയിൽതോടിനു കുറുകെ കൊന്നയിൽകടവ് പാലം നിർമ്മാണ പ്രവൃത്തിക്കായി പരാമർശം (1) പ്രകാരം 30 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 2016-ൽ ഭരണാനുമതി കിട്ടിയ പ്രവൃത്തി കരാറുകാരൻ ഏറ്റെടുത്തിരുന്നുവെങ്കിലും വർക്ക് സൈറ്റിലേക്ക് മെറ്റീരിയലുകളും, മെഷിനറികളും കൊണ്ടുപോകുന്നതിലെ ബുദ്ധിമുട്ടുകൾ കാരണം പ്രവൃത്തി 09.07.2021-ന് കരാറുകാരന്റെ റിസ്ക് & കോസ്റ്റ് ഒഴിവാക്കി ടെർമിനേറ്റ് ചെയ്തിട്ടുണ്ടായിരുന്നു.നിലവിലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം ബാലൻസ് വർക്കിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും (കൺവേയൻസ് ചാർജുകൾക്കുള്ള വ്യവസ്ഥ ഉൾപ്പെടുത്തി ) 13,57,05,847/-രൂപ എസ്റ്റിമേറ്റ് പി എ സി തുക കണക്കാക്കി 24.02.2024 തീയതിയിൽ പ്രവൃത്തി ടെൻഡർ ചെയ്തു. ആദ്യ ടെൻഡറിൽ സിംഗിൾ ബിഡ് മാത്രം ലഭിച്ചതിനാൽ പ്രവൃത്തി റീടെൻഡർ ചെയ്തു. രണ്ടാമത്തെ ടെൻഡറിൽ രണ്ട് ബിഡുകൾ ലഭിച്ചു. നെഗോഷിയേറ്റഡ് ക്വാട്ടഡ് എമൗണ്ട് അംഗീകരിക്കാവുന്ന പരിധിയേക്കാൾ കൂടുതലായതിനാൽ പ്രവൃത്തി വീണ്ടും ടെൻഡർ ചെയ്തു. 15.06.2024 തീയതിയിൽ പ്രവൃത്തി മൂന്നാം തവണ ടെൻഡർ ചെയ്യുകയും, M/s.ഊരാളുങ്കൽ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിൽ നിന്ന് സിംഗിൾ ബിഡ് ലഭിക്കുകയുണ്ടായി. ULCCS ക്വോട്ട് ചെയ്ത തുകയായ 20,20,66,006/- രൂപ എസ്റ്റിമേറ്റ് പി.എ.സി. തുകയായ 13,57,05,847/- രൂപയേക്കാൾ 48.9% വർദ്ധനവുള്ളതായതിനാലും പരാമർശം (2)ലെ വ്യവസ്ഥകൾ

പ്രകാരം അംഗീകരിക്കാവുന്ന പരിധിയേക്കാൾ കൂടുതലായതിനാലും ടെണ്ടർ എക്സ്സ് അംഗീകരിക്കുന്നതിനായി സർക്കാരിന് സമർപ്പിക്കാൻ ടെണ്ടർ അപ്പ്രൂവൽ കമ്മിറ്റി ശിപാർശ ചെയ്തു.

2) ബാലൻസ് പ്രവൃത്തിയായതിനാലും സൈറ്റിലേക്ക് മെറ്റീരിയലുകളും, മെഷിനറികളും എത്തിക്കുന്നതിന് ബുദ്ധിമുട്ടുള്ളതിനാലും വീണ്ടും ടെൻഡർ ചെയ്താലും അധിക തുക മാത്രമേ ലഭിക്കാൻ സാധ്യതയുള്ളൂവെന്നതിനാലും കൊല്ലം ജില്ലയിലെ ചിറയിൽതോടിനു കുറുകെ കൊന്നയിൽകടവ് പാലം നിർമ്മാണത്തിന്റെ ബാലൻ സ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് ക്ഷണിച്ച മൂന്നാമത്തെ ടെണ്ടറിൽ M/s.ഊരാളുങ്കൽ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ക്വാട്ട് ചെയ്തതും, എസ്റ്റിമേറ്റ് പി.എ.സി. തുകയായ 13,57,05,847/- രൂപയേക്കാൾ 48.9% വർദ്ധനവുള്ളതും,എൽ.എം.ആർ പി.എ.സി തുകയായ 16,83,90,560/-രൂപയക്കാൾ 19.99% വർദ്ധനവുള്ളതും, DSOR+10% തുകയായ 14,92,61,859/- രൂപയെക്കാൾ 35.38% വർദ്ധനവുള്ളതുമായ 20,20,66,006/- രൂപയുടെ ടെണ്ടർ അംഗീകരിക്കണമെന്ന് പ്രോജക്ട് ഡയറക്ടർ,പി എം യു-കെ ആർ എഫ് ബി അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നു.

| | | |
|---|---|---|
| 1 | Estimate PAC | 13,57,05,847/- |
| 2 | Current SOR +10% | 14,92,61,859/- |
| 3 | LMR PAC | 16,83,90,560/- |
| 4 | Negotiated quoted amount | 20,20,66,006/- |

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.കൊല്ലം ജില്ലയിലെ ചിറയിൽതോടിനു കുറുകെ കൊന്നയിൽ കടവ് പാലം നിർമ്മാണത്തിന്റെ ബാലൻസ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് ക്ഷണിച്ച മൂന്നാമത്തെ ടെണ്ടറിൽ M/s.ഊരാളുങ്കൽ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ക്വാട്ട് ചെയ്തതും, എസ്റ്റിമേറ്റ് പി.എ.സി. തുകയെക്കാൾ 48.9% വർദ്ധനവുള്ളതും, എൽ.എം.ആർ പി.എ.സി തുകയെക്കാൾ 19.99% വർദ്ധനവുള്ളതും, DSOR+10% തുകയെക്കാൾ 35.38% വർദ്ധനവുള്ളതുമായ 20,20,66,006/- രൂപയുടെ (ഇരുപത് കോടി ഇരുപത് ലക്ഷത്തി അറുപത്തി ആറായിരത്തി ആറ് രൂപ മാത്രം) ടെണ്ടർ അംഗീകരിക്കണമെന്ന പ്രോജക്ട് ഡയറക്ടർ,പി.എം.യു- കെ.ആർ.എഫ്.ബിയുടെ അപേക്ഷ പരിഗണിച്ച് പരാമർശം (2) പ്രകാരമുള്ള "Quoted rate/LMR or DSoR+10% whichever is less" എന്ന പരിധിയിൽ ഇളവ് നൽകി ടെണ്ടർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

പ്രോജക്ട് ഡയറക്ടർ,പി എം യു-കെ ആർ എഫ് ബി
ധനകാര്യവകുപ്പ് (I&PW-B2/229/2024-FIn (E-2897954))
പൊതുഭരണ(എസ് സി)വകുപ്പ് (Item Number 2746 dated 27/02/2025)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്&എ&ഇ),കേരള,തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ(വെബ് &ന്യൂ മീഡിയ),ഐ&പി ആർഡി
കരുതൽ ഫയൽ/ഡി1/396 /2025/പൊമവ

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
Date: 03-03-2025 11:10:59
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി എസ്.ന്.
പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ പി. എയ്ക്ക്.

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 27-02-2025

ഫയൽ നം. ഡി1/396/2024/പൊ.മ.വ. ഇനം നം: 2746

വിഷയം : പൊതുമരാമത്ത് വകുപ്പ് - കൊല്ലം ജില്ലയിലെ ചിറയിൽതോടിനു കുറുകെ കൊന്നയിൽ കടവ് പാലം നിർമ്മാണം - ബാക്കിയുള്ള പ്രവൃത്തി - നിലവിലുള്ള മാനദണ്ഡമായ DSR+10% എന്നതിൽ ഇളവ് വരുത്തി ടെണ്ടർ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

2746

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഡി 1/396/2024/പൊ.മ.വ |
| 2 | വകുപ്പ് | : | പൊതുമരാമത്ത്(ഡി) വകുപ്പ് |
| 3 | വിഷയം | : | കൊല്ലം ജില്ലയിലെ ചിറയിൽതോടിനു കുറുകെ കൊന്നയിൽ കടവ് പാലം നിർമ്മാണം- ബാക്കിയുള്ള പ്രവൃത്തി- നിലവിലുള്ള മാനദണ്ഡമായ DSR+10% എന്നതിൽ ഇളവ് വരുത്തി ടെണ്ടർ അംഗീകരിക്കുന്നത്-സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 04/02/2025 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | : | ഉണ്ട് |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം | : | ഉണ്ട് |
| | മന്ത്രി സഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി ശ്രീദേവി ഇ എസ് |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ.ബിജു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 11.02.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 19.02.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പി.എ.മുഹമ്മദ് റിയാസ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 20.02.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 20.02.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും. | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കൊല്ലം ജില്ലയിലെ ചിറയിൽതോടിനു കുറുകെ കൊന്നയിൽ കടവ് പാലം നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് M/s.ഊരാളുങ്കൽ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് സമർപ്പിച്ച ടെണ്ടർ അംഗീകരിക്കണമെന്ന പ്രോജക്ട് ഡയറക്ടർ, പി.എം.യു-കെ ആർ എഫ് ബിയുടെ അപേക്ഷ സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ് .

2) കൊല്ലം ജില്ലയിലെ ചിറയിൽതോടിനു കുറുകെ കൊന്നയിൽ കടവ് പാലം നിർമ്മാണ പ്രവൃത്തിയ്ക്കായി 31.10.2016 തീയതിയിലെ സ.ഉ(സാധാ) നം.1496/2016/പൊമവ പ്രകാരം 30 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. APR-1/76/2017/KIIFB തീയതി 16.05.2017 ഉത്തരവ് പ്രകാരം 26.22 കോടി രൂപയുടെ സാമ്പത്തിക അനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യുകയും, ശ്രീ ജോർജ്ജ് ഏലിയാസ് എന്ന കോൺട്രാക്ടറുമായി 24 മാസത്തെ പൂർത്തികരണ കാലാവധി വ്യവസ്ഥ ഉൾപ്പെടുത്തി 02.07.2018 ൽ കരാർ ഒപ്പ് വയ്ക്കുകയും ചെയ്തു. എന്നാൽ റെയിൽവേ ലൈനിന് സമീപത്തുകൂടി സൈറ്റിലേക്ക് മെറ്റീരിയലുകളും, മെഷിനറികളും കൊണ്ടുപോകുന്നതിന് റെയിൽവേ അനുവദിക്കാത്തതിനാലും, സൈറ്റിലേക്ക് സാധനങ്ങൾ കൊണ്ട് പോകാൻ മറ്റ് വഴികൾ ഇല്ലാത്തതിനാലും പ്രവൃത്തി തുടരാനുള്ള ബുദ്ധിമുട്ട് കോൺട്രാക്ടർ അറിയിക്കുകയും, കിഫ്ബി പരിശോധന നടത്തിയ ശേഷം 09.07.2021-ന് റിസ്ക് & കോസ്റ്റിൽ ഉൾപ്പെടുത്താതെ കരാർ റദ്ദ് ചെയ്യുകയും ചെയ്തു.

3) കൺവെയൻസ് ചാർജ്ജ് കൂടി ഉൾപ്പെടുത്തിയ ബാലൻസ് പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റിന് 27.03.2023 ലെ PWD001-17/TE-4/2023/KIIFB ഉത്തരവ് പ്രകാരം 36.20 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും നൽകിയിരുന്നു. PWD/KR/EST-TS/104396/2021-5-1-1 dated 01.02.2024 പ്രകാരം പാലം നിർമ്മാണപ്രവൃത്തിക്ക് മാത്രമായി 16.21 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിരുന്നു. നിലവിലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം ബാലൻസ് വർക്കിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും (കൺവേയൻസ് ചാർജുകൾക്കുള്ള വ്യവസ്ഥ കൂടി ഉൾപ്പെടുത്തി ) 13,57,05,847/-രൂപ എസ്റ്റിമേറ്റ് പി.എ.സി തുക കണക്കാക്കി 24.02.2024 തീയതിയിൽ ബാലൻസ് പ്രവൃത്തി ടെൻഡർ ചെയ്തു. ആദ്യ ടെണ്ടറിൽ സിംഗിൾ ബിഡ് മാത്രം ലഭിച്ചതിനാൽ പ്രവൃത്തി റീടെൻഡർ ചെയ്തു. രണ്ടാമത്തെ ടെണ്ടറിൽ രണ്ട് ബിഡുകൾ ലഭിച്ചു. നെഗോഷിയേറ്റഡ് ക്വാട്ടഡ് എമൗണ്ട് അംഗീകരിക്കാവുന്ന പരിധിയേക്കാൾ കൂടുതലായതിനാൽ പ്രവൃത്തി വീണ്ടും ടെൻഡർ ചെയ്യാൻ 06.06.2024 ന് നടന്ന 51-ാമത് ടെൻഡർ അപ്രൂവൽ കമ്മിറ്റി നിർദ്ദേശിച്ചു. അതിൻപ്രകാരം 15.06.2024 തീയതിയിൽ പ്രവൃത്തി മൂന്നാം തവണ ടെൻഡർ ചെയ്യുകയും M/s. ഊരാളുങ്കൽ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിൽ നിന്ന് സിംഗിൾ ബിഡ് ലഭിക്കുകയും ചെയ്തു. ULCCS ക്വോട്ട് ചെയ്ത തുകയായ 20.2 കോടി രൂപ എസ്റ്റിമേറ്റ് പി.എ.സി. തുകയായ 13.57 കോടി രൂപയേക്കാൾ 48.9% കൂടുതൽ ആയിരുന്നു. 05.08.2024 ന് നടന്ന 52-ാമത് ടെൻഡർ അപ്രൂവൽ കമ്മറ്റിക്ക് മുമ്പാകെ ബിഡ് സമർപ്പിച്ചു. നെഗോഷിയേറ്റഡ് ക്വാട്ടഡ് എമൗണ്ടായ 20.20 കോടി രൂപ നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം അംഗീകരിക്കാവുന്ന പരിധിയേക്കാൾ കൂടുതലായതിനാൽ അനുമതിക്കായി ബിഡ് സർക്കാരിന് സമർപ്പിക്കാൻ കമ്മിറ്റി ശിപാർശ ചെയ്തു. പാലത്തിന്റെ നിർമ്മാണത്തിന് ആവശ്യമായ തുക, സൈറ്റിലേക്ക് സാധനങ്ങൾ ജലമാർഗ്ഗം എത്തിക്കാൻ ആവശ്യമായ തുക, അപ്രോച്ച് റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് ആവശ്യമായ തുക എന്നിവ മാത്രം ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ് ആയതിനാൽ

എസ്റ്റിമേറ്റ് വീണ്ടും പുനഃക്രമീകരിക്കുന്നത് സാധ്യമല്ലെന്നും, വീണ്ടും ടെൻഡർ ചെയ്താലും ഇതിലും കുറഞ്ഞ തുക ലഭിക്കാൻ സാധ്യതയില്ലെന്നും കെ.ആർ.എഫ്.ബി. - പി.എം.യു. പ്രോജക്ട് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. M/s.ഊരാളുങ്കൽ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് സമർപ്പിച്ച 20.2 കോടി രൂപയുടെ ടെണ്ടർ, ബാലൻസ് പ്രവൃത്തിയായാണ് എന്നതും സൈറ്റിലേക്ക് മെറ്റീരിയലുകളും, മെഷിനറികളും എത്തിക്കുന്നതിന് ബുദ്ധിമുട്ടുള്ളതും പരിഗണിച്ച്, G.O (P) No. 54/2019/ Fin dated 04.05.2019 ഉത്തരവ് പ്രകാരമുള്ള നിലവിലെ മാനദണ്ഡങ്ങളിൽ ഇളവ് നൽകി അംഗീകരിക്കണമെന്നും കെ.ആർ.എഫ്.ബി. - പി.എം.യു. പ്രോജക്ട് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | Estimate PAC | 13,57,05,847/- |
| 2 | Current SOR +10% | 14,92,61,859/- |
| 3 | LMR PAC | 16,83,90,560/- |
| 4 | Negotiated quoted amount | 20,20,66,006/- |

4) കൊല്ലം ജില്ലയിലെ ചിറയിൽതോടിനു കുറുകെ കൊന്നയിൽ കടവ് പാലം നിർമ്മാണത്തിനായുള്ള ടെണ്ടർ അംഗീകരിക്കുന്നത് സംബന്ധിച്ച റിമാർക്സിനായി ഫയൽ ധനവകുപ്പിന് സർപ്പിക്കുകയും ആ വകുപ്പ് ചുവടെ പറയും പ്രകാരം റിമാർക്സ് ലഭ്യമാക്കിയിട്ടുണ്ട്.

''As the work has been tendered three times,in case AD is of the opinion that no better response is expected on recall after reworking the estimate, AD is advised for submitting the single bid for Rs.20,20,66,006/- (After negotiation) which is 48.90% above Estimate PAC, before the Council of Ministers for acceptance of tender excess with valid justifications.''

5) കൊല്ലം ജില്ലയിലെ ചിറയിൽതോടിനു കുറുകെ കൊന്നയിൽ കടവ് പാലം നിർമ്മാണത്തിന്റെ ബാലൻസ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് ക്ഷണിച്ച മൂന്നാമത്തെ ടെണ്ടറിൽ M/s.ഊരാളുങ്കൽ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ക്വാട്ട് ചെയ്തതും,എസ്റ്റിമേറ്റ് പി.എ.സി. തുകയായ 13,57,05,847/- രൂപയേക്കാൾ 48.9% വർദ്ധനവുള്ളതും, DSOR +10% തുകയായ 14,92,61,859/- രൂപയെക്കാൾ വർദ്ധനവുള്ളതും, 35.38% എൽ.എം.ആർ തുകയായ 16,83,90,560/-രൂപയക്കാൾ 19.99%വർദ്ധനവുള്ളതുമായ 20,20,66,006/- രൂപയുടെ ടെണ്ടർ അംഗീകരിക്കണമെന്ന പ്രോജക്ട് ഡയറക്ടർ,പി എം യു-കെ ആർ എഫ് ബിയുടെ അപേക്ഷ പരിഗണിച്ച് G.O (P)No. 54/2019/ Fin dated 04.05.2019 ലെ വ്യവസ്ഥകളിൽ ''Quoted amount/LMR or DSoR 2018+10% whichever is less'' ഇളവ് നൽകി അംഗീകരിക്കുന്നതിനുള്ള അനുമതിയ്ക്കായി ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിക്കുകയുണ്ടായി.

6) ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

കൊല്ലം ജില്ലയിലെ ചിറയിൽതോടിനു കുറുകെ കൊന്നയിൽ കടവ് പാലം നിർമ്മാണത്തിന്റെ ബാലൻസ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് ക്ഷണിച്ച മൂന്നാമത്തെ ടെണ്ടറിൽ M/s.ഊരാളുങ്കൽ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ക്വാട്ട് ചെയ്തതും,എസ്റ്റിമേറ്റ് പി.എ.സി. തുകയെക്കാൾ 48.9% വർദ്ധനവുള്ളതും, എൽ.എം.ആർ തുകയെക്കാൾ 19.99% വർദ്ധനവുള്ളതും, DSOR +10% തുകയെക്കാൾ 35.38% വർദ്ധനവുള്ളതുമായ 20,20,66,006/- രൂപയുടെ (ഇരുപത് കോടി ഇരുപത് ലക്ഷത്തി അറുപത്തി ആറായിരത്തി ആറ് രൂപ മാത്രം) ടെണ്ടർ അംഗീകരിക്കണമെന്ന പ്രോജക്ട് ഡയറക്ടർ,പി എം യു-കെ ആർ എഫ് ബിയുടെ അപേക്ഷ പരിഗണിച്ച് G.O (P) No. 54/2019/ Fin dated 04.05.2019 ഉത്തരവിലെ വ്യവസ്ഥകളിൽ ''Quoted amount/LMR or DSoR 2018+10% whichever is less'' ഇളവ് നൽകി ടെണ്ടർ അംഗീകരിക്കാവുന്നതാണോ ?